വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങളും ഗ്രന്ഥശാലാ പ്രവർത്തകരെ ഉൾപ്പെടുത്തുന്ന കാര്യങ്ങൾളുമടക്കം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ഗൗരവപൂർവ്വം കണക്കിലെടുക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി.സി വിഷ്ണുനാഥ്, അങ്ങയുടെ നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ : പിൻവലിക്കുന്നു.

സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : അങ്ങയുടെ 1 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2010-ലെ കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2.2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വ കലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങേക്ക് ഓർഡിനൻസ് നിരാകരിക്കുന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, I move that

"This House resolves to disapprove The Kerala University of Fisheries and Ocean Studies Ordinance, 2010 (Ordinance No.56 of 2010) ഒരു ബിൽ അവതരിപ്പിക്കുമ്പോൾ റൂൾ 76 പ്രൊവൈസോ അനുസരിച്ച് 3 ക്ലിയർ ഡേയ്സ് വേണം. ആ മൂന്ന് ക്ലിയർ ഡേയ്സ് ഈ ബില്ലിന് ഇല്ല. ഇന്നലെയാണ് ഈ ബിൽ അവതരിപ്പിച്ച് സർക്കുലേറ്റ് ചെയ്തത്. അതും ഈ ബിൽ മലയാളത്തിലാണോ ഇംഗ്ലീഷിലാണോ അവതരിപ്പിക്കുന്നതെന്ന് വ്യക്തമല്ല. സാധാരണ ബിൽ അവതരിപ്പിക്കുന്നത് മലയാളത്തിലാണെങ്കിൽ ഇംഗ്ലീഷ് ട്രാൻസ്ലേഷനും ഇംഗ്ലീഷിലാണ് അവതരിപ്പിക്കുന്നതെങ്കിൽ മലയാളം ട്രാൻസിലേഷനുമുണ്ടാകും. ഇത് രണ്ടുമില്ല. ഇതൊക്കെ കുറെ നിയമവകുപ്പിന്റെ പ്രശ്നമാണ്, പറയാതിരിക്കാൻ നിർവ്വാഹമില്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും ഞാൻ ഒബ്ജക്ഷൻ പറഞ്ഞുവെന്നേയുള്ളൂ. ബില്ലിനെ സംബന്ധിച്ച് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. സംസാരിക്കണമെന്ന് ഉദ്ദേശമുണ്ടായിരുന്നു. ഒരു കാര്യം പറയട്ടെ, എല്ലാ യൂണിവേഴ്സിറ്റി നിയമനങ്ങളും പി. എസ്.സി.-ക്ക് വിടണമെന്ന് ക്യാബിനറ്റിന്റെ ഡിസിഷൻ വന്നു, പക്ഷേ ഈ ബില്ലിൽ സിൻഡിക്കേറ്റിന് പകരമുള്ള കൗൺസിലിനാണ് ഈ അധികാരം കൊടുത്തിരിക്കുന്നത് ; അത് ശരിയല്ല. ക്യാബിനറ്റ് ഒരു തീരുമാനമെടുത്തിട്ട് ആ തീരുമാനങ്ങൾ നടപ്പിലാക്കണമെങ്കിൽ ഈ ബിൽ പാസ്സായാൽ വീണ്ടും അമെന്റ്മെന്റ് കൊണ്ടുവരണം. അതുകൊണ്ട് ഈ എല്ലാ യൂണിവേഴ്സിറ്റി നിയമനങ്ങളും പി.എസ്.സി. വഴിയാണെന്ന് ബില്ലിൽ വ്യക്തമായി പറയണം. ക്യാബിനറ്റ് ഡിസിഷനെതിരായിട്ടാണ് ഈ ബില്ലിലെ പ്രൊവിഷൻ വന്നിരിക്കുന്നത്. അതുകൊണ്ട് അത് മാറ്റണമെന്ന് മാത്രം പറഞ്ഞ് ഞാൻ ബാക്കി കാര്യത്തിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടനുവേണ്ടി ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1-2011 -വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫിഷറീസ് സർവ്വകലാശാല എന്ന ആശയം വളരെ പ്രാധാന്യമുള്ളതും ഇന്ത്യയിൽ ആദ്യത്തെതുമാണ്. ലോകത്ത് ആകെ രണ്ടുമൂന്ന് രാജ്യങ്ങളിൽ മാത്രമാണ് ഇത്തരത്തിലൊരു സർവ്വകലാശാലയുള്ളത്. സമുദ്രപഠനവുമായും ഫിഷറീസ് മേഖലയുമായും ബന്ധപ്പെട്ടുകൊണ്ട് വളരെ ശാസ്ത്രീയമായ നിരവധി മാറ്റങ്ങൾക്ക് ഇത് ഗുണകരമാകുമെന്നതിൽ തർക്കമില്ല. കേരളം അതിന് തയ്യാറെടുക്കുന്ന ഒരു സന്ദർഭവുമാണ്. ഈ സർവ്വകലാശാല ബില്ലിനെ ഭരണകക്ഷി-പ്രതിപക്ഷഭേദമെന്യേ എല്ലാവരും പൂർണ്ണമായും പിന്തുണയ്ക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വളരെ ദീർഘമായി സംസാരിക്കേണ്ട ഒരു ബിൽ തന്നെയാണിത്. സബ്ജക്ട് കമ്മിറ്റിയുടെപരിഗണന കഴിഞ്ഞ് വീണ്ടും ചർച്ച ചെയ്യുന്നതിനുള്ള അവസരമുണ്ടാകുമെന്നുള്ളതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ഭേദഗതി ബി) അവതരിപ്പിച്ചില്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് തിരിച്ചുവരുന്ന സന്ദർഭത്തിൽ വിശദമായ ഒരു ഡിസ്കഷനാകാം. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ച ഒരു പോയിന്റുണ്ട്. ബിൽ അവതരിപ്പിച്ചതിനുശേഷം 3 ക്ലിയർ ഡേയ്സ് കഴിഞ്ഞാണ് അത് സർക്കുലേറ്റ് ചെയ്യേണ്ടതെന്നുള്ള കാര്യത്തിൽ ചെറിയൊരു കാലതാമസം വന്നിട്ടുണ്ട്. ആ ക്രിട്ടിസിസത്തെ ഉൾക്കൊള്ളുകയാണ്. അത്തരത്തിലൊരു കുറവ് മേലിൽ വരാതിരിക്കാൻ ഈ വിമർശനം സഹായകരമാവുമെന്നാണ് ഞാൻ കണക്കാക്കുന്നത്. അതിനെ ഞാൻ എതിർക്കുന്നില്ല. പ്രിന്റ് ചെയ്ത് വരുന്നതിലുണ്ടായ കാലതാമസമാണുണ്ടായിട്ടുള്ളത്.

തത്വത്തിൽ സർവ്വകലാശാലാ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നാണ് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്. പക്ഷേ ഇവിടെ വരുന്ന പ്രാക്ടിക്കലായിട്ടുള്ള ഒരു കാര്യം, പി.എസ്.സി.-ക്ക് വിട്ട് അപേക്ഷ ക്ഷണിച്ച് രണ്ടുമൂന്നു വർഷക്കാലമെടുക്കുമ്പോൾ മാത്രമേ യൂണിവേഴ്സിറ്റി പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുമുമ്പ് യൂണിവേഴ്സിറ്റി രൂപീകരിച്ച് പ്രായോഗികമായി ഫങ്ഷൻ ചെയ്യുന്ന ഒരു പശ്ചാത്തലമൊരുക്കിയിട്ട് പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് വിടണമെന്നാണ് ഉദ്ദേശിക്കുന്നത്. തത്വത്തിൽ നയപരമായി ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത് സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ളതുതന്നെയാണ്. ആ സ്പിരിറ്റ് ഉൾക്കൊള്ളുകയാണ്. പക്ഷെ പ്രാക്ടിക്കലായി ഇത് സ്റ്റാർട്ട് ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി പ്രവർത്തനം തുടങ്ങുന്നതുവരെയുള്ള കാലയളവിലേക്കാണ് കൗൺസിലിന് അധികാരം കൊടുത്തത്. അതിനെ നല്ലൊരു സ്പിരിറ്റിൽ കാണണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നിരാകരണപ്രമേയം നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അങ്ങയുടെ 1(എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ..

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

വിശദീകരണം

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : കഴിഞ്ഞ ദിവസം അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ മായം ചേർന്നിട്ടുള്ളതായി കണ്ടെത്തിയെന്ന് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് പേമെന്റ് സ്റ്റോപ്പ് ചെയ്ത ബ്ലാക്ക് ലിസ്റ്റിലാക്കിയ സപ്ളയേഴ്സിന്റെ ലിസ്റ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഞാൻ അത് പിന്നീട് ഹാജരാക്കാമെന്ന് പറഞ്ഞിരുന്നു. അപ്രകാരം പേമെന്റ് തടഞ്ഞ് ബ്ലാക്ക്ലിസ്റ്റ് ചെയ്ത 24 സപ്ലൈയേഴ്സിന്റെ ലിസ്റ്റ് ഞാൻ ഇപ്പോൾ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും 27-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ഡിസംബർ 27-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.08-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly